# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند
(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി: 15/12/2017** **വിഷയം: "വേഷവിധാനം"**

➢ ഒരു കാര്യം ബോധ്യപ്പെട്ടാൽ അതനുസരിച്ച് പ്രവർത്തിക്കുന്നവരാണ് വിവേകമുള്ളവർ. നാം അങ്ങനെ പ്രവർത്തിക്കുന്നവരാണ്. ഉദാ: മഴ ഉറപ്പായാൽ നനയാതിരിക്കാൻ വേണ്ടത് നാം ചെയ്യും. ഉപദ്രവിക്കുന്ന ഇഴജന്തുവിന്റെ മുന്നിൽപ്പെട്ടാൽ അതിനെ കൊല്ലുക, പരസഹായം തേടുക, ഓടി രക്ഷപ്പെടുക എന്നിങ്ങനെ യുക്തമായത് സ്വീകരിക്കും. വാഹനം പാഞ്ഞടുത്താൽ ഓടിമാറും.

ഇത്തരം സന്ദർഭങ്ങളിൽ രക്ഷാമാർഗ്ഗം സ്വീകരിക്കാതിരിക്കുന്നത് രണ്ട് സാഹചര്യത്തിലാണ്. 1) അയാൾക്കത് ബോധ്യപ്പെട്ടില്ല. അതുകൊണ്ടാണ് കൊച്ചുകുട്ടികൾ ഇഴജന്തുക്കളെ കയറിപ്പിടിക്കുന്നത്. 2) മാനസികനില ശരിയല്ലാത്തതുകൊണ്ട്. അത്തരക്കാർ ഒന്നിനേയും വകവെക്കില്ല. രണ്ട് സമയത്തും അപകടം ഉണ്ടാകുന്നു.

➢ നബി(സ്വ)യുടെ കൽപ്പനകളെ ഇത്തിബാഅ് ചെയ്യുന്നതിന്റെ അവസ്ഥയും ഇതുതന്നെയാണ്. വിശ്വാസത്തിൽ യഖീൻ ഉള്ളവർ അതനുസരിച്ച് പ്രവർത്തിക്കുന്നവരായിരിക്കും. പ്രവർത്തന ഇല്ലാതെ വരുന്നത് യഖീൻ ഇല്ലാത്തത് കൊണ്ടാണ്

قَالَ سُفْيَانُ الثَّوْرِيُّ :لَوْ أَنَّ الْيَقِينَ وَقَعَ فِي الْقَلْبِ كَمَا يَنْبَغِي لَطَارَتِ الْقُلُوبُ اشْتِيَاقًا إِلَى الْجَنَّةِ ،وَخَوْفًا مِنَ النَّارِ(فتح الباري)

(=ഈമാൻ ഹൃദയത്തിൽ വേ വിധം ഉറച്ചുകഴിഞ്ഞാൽ സ്വർഗത്തിന്റെ പ്രവർത്തനത്തിലേക്ക് പറന്നടുക്കും. നരകത്തെ തൊട്ട് ഓടി അകലും.)

➢ ഇക്കാര്യം ബോധ്യപ്പെടുത്തുന്ന പ്രധാനപ്പെട്ട ഒന്നാണ് വേഷവിധാനങ്ങളിലെ നിഷ്ടകൾ. ആ രംഗത്ത് അനേകം ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. നല്ലവേഷം അല്ലാഹു നൽകിയ അലങ്കാരമാണെന്ന് ഖുർആൻ പറയുന്നു.

قُلْ مَنْ حَرَّمَ زِينَةَ اللَّهِ الَّتِي أَخْرَجَ لِعِبَادِهِ وَالطَّيِّبَاتِ مِنَ الرِّزْقِ ۚ ﴿اعراف:٣٢﴾ فَقَدْ دَلَّتِ الْآيَةُ عَلَى لِبَاسِ الرَّفِيعِ مِنَ الثِّيَابِ ، وَالتَّجَمُّلِ بِهَا فِي الْجُمَعِ وَالْأَعْيَادِ ، وَعِنْدَ لِقَاءِ النَّاسِ وَمُزَاوَرَةِ الْإِخْوَانِ(قرطبي)

നബി(സ്വ) വേഷവിതാനങ്ങൾ നന്നായി ശ്രദ്ധിക്കുമായിരുന്നു.

وَلِهَذَا يُسَرِّحُ شَعْرَهُ وَيَنْظُرُ فِي الْمِرْآةِ وَيُسَوِّي عِمَامَتَهُ(قرطبي)

(=നബി തങ്ങൾ മുടി ചീകകയും കണ്ണാടിയിൽ നോക്കുകയും തലപ്പാവ് നേരെയാക്കുകയും ചെയ്യുമായിരുന്നു.)

നല്ല വേഷവും ഭംഗിയും അഹങ്കാരമായി ദീൻ പരിഗണിക്കുന്നില്ല.

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَا يَدْخُلُ الْجَنَّةَ مَنْ كَانَ فِي قَلْبِهِ مِثْقَالُ ذَرَّةٍ مِنْ كِبْرٍ، قَالَ رَجُلٌ إِنَّ الرَّجُلَ يُحِبُّ أَنْ يَكُونَ ثَوْبُهُ حَسَنًا وَنَعْلُهُ حَسَنَةً، قَالَ إِنَّ اللَّهَ جَمِيلٌ يُحِبُّ الْجَمَالَ (مسلم)

➢ മറിച്ച് മോശമായ വേഷവിധാനങ്ങളെ അല്ലാഹുവും റസൂലും ഇഷ്ടപ്പെടുന്നില്ല.

ചരിത്രം: ജാബിർ(റ) പറയുന്നു: ഒരിക്കൽ യുദ്ധത്തിന് പോകവേ വീണുപോകുന്ന വസ്തുക്കൾ പെറുക്കിയെടുക്കാൻ ഒരാളോട് ഏറ്റവും പുറകിൽ വരാൻ കൽപ്പിക്കുകയുണ്ടായി. അദ്ദേഹം എഴുന്നേറ്റ് പോയപ്പോൾ വേഷം കണ്ട നബി(സ്വ) നല്ല വസ്ത്രം ധരിക്കാൻ നിർദ്ദേശിച്ചു.

.... وَعَلَيْهِ بُرْدَانِ لَهُ قَدْ خَلِقَا، فَقَالَ: أَمَا لَهُ ثَوْبَانِ غَيْرُ هَذَيْنِ ؟ فَقُلْتُ:بَلَى يَا رَسُولَ اللَّهِ قَالَ: فَادْعُهُ فَمُرْهُ فَلْيَلْبَسْهُمَا، قَالَ : فَدَعَوْتُهُ فَلَبِسَهُمَا ثُمَّ وَلَّى يَذْهَبُ، فَقَالَ رَسُولُ اللَّهِ (ص):مَا لَهُ

؟ ضَرَبَ اللَّهُ عُنُقَهُ ، أَلَيْسَ هَذَا خَيْرًا لَهُ ؟ "(زرقاني علي الموطا)

ഒരിക്കൽ മോശം വസ്ത്രം ധരിച്ച് വന്ന സ്വഹാബിയോട് സാമ്പത്തികമുണ്ടോ എന്നന്വേഷിച്ചു. ഉണ്ടെന്ന് പറഞ്ഞപ്പോൾ നബി(സ്വ) പറഞ്ഞു: അതിന്റെ നിലവാരം നിന്നിൽ കാണണം.

عَنْ أَبِي الْأَحْوَصِ عَنْ أَبِيهِ قَالَ أَتَيْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي ثَوْبٍ دُونٍ، فَقَالَ أَلَكَ مَالٌ قَالَ نَعَمْ، قَالَ فَإِذَا آتَاكَ اللَّهُ مَالًا فَلْيُرَ أَثَرُ نِعْمَةِ اللَّهِ عَلَيْكَ وَكَرَامَتِهِ (أبوداود)

➢ വേഷവിധാനത്തിൽ ധൂർത്തും പൊങ്ങച്ചവും നബി(സ്വ) വിലക്കിയിരുന്നു.

ഇന്ന് നമ്മുടെ വീടുകളിൽ വസ്ത്രവും ചെരിപ്പുകളും സൂക്ഷിക്കാൻ ഇടമില്ലാതായിരിക്കുന്നു.
വസ്ത്രം കണങ്കാലിന്റെ താഴെ ഇറക്കി ധരിക്കൽ പൊങ്ങച്ചമാണ്.

عَن ابْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: ( لَا يَنْظُرُ اللَّهُ إِلَى مَنْ جَرَّ ثَوْبَهُ خُيَلَاءَ (بخاري)

പള്ളിയിൽ വരുന്നവർ നല്ല വസ്ത്രം, വെള്ള വസ്ത്രം ധരിക്കൽ സുന്നത്താണ്.

(وَتَزَيُّنٌ بِأَحْسَنِ ثِيابِهِ) وَأَفْضَلُها الابيضُ، وَيجوزُ لَبْسُ الثوبِ المَصْبُوغِ بِأَيِّ لَوْنٍ كَانَ، إِلَّا الْمُزَعْفَرُ (فتح المعين)

നബി(സ്വ)യെ കാണാൻ ജിബ്‌രീൽ വന്നത് തൂവെള്ള വസ്ത്രധാരിയായിട്ടായിരുന്നു.

أشدّ بياض الثياب

അപൂർവമായി നബി(സ്വ) കളർ വസ്ത്രം ധരിച്ചിട്ടുണ്ട്. അതുകൊണ്ട് പള്ളിയിൽ കഴിയുന്നിടത്തോളം വെള്ളയാക്കാൻ ശ്രമിക്കുക.

➢ ഇന്ന് വ്യാപകമായി നടന്ന് വരുന്ന ഒരു തിന്മയാണ് മുടികറുപ്പിക്കൽ. ഇത് ഹറാമാണ്.

وَأَنْ يَخْضِبَ الشَّعْرَ.....وَهُوَ بِالسَّوَادِ حَرَامٌ(تحفة)

عَنْ ابْنِ عَبَّاسٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَكُونُ قَوْمٌ يَخْضِبُونَ فِي آخِرِ الزَّمَانِ بِالسَّوَادِ كَحَوَاصِلِ الْحَمَامِ لَا يَرِيحُونَ رَائِحَةَ الْجَنَّةِ (أبوداود)

(=അവസാനകാലത്ത് മുടി മുറിക്കുന്നവർ ഉണ്ടാകും. അവർക്ക് സ്വർഗ്ഗത്തിന്റെ മണമടിപ്പിക്കാൻപോലും കഴിയില്ല.)

എന്നാൽ മൈലാഞ്ചി ഉപയോഗിക്കാവുന്നതാണ്. സുന്നത്തുണ്ട്

وَمَذْهَبُنَا اسْتِحْبَابُ خِضَابِ الشَّيْبِ لِلرَّجُلِ (شرح مسلم)

غَيِّرُوا هَذَا بِشَيْءٍ وَاجْتَنِبُوا السَّوَادَ (مسلم)

عَنْ عَبْدِ اللَّهِ بْنِ بُرَيْدَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " إِنَّ أَحْسَنَ مَا غَيَّرْتُمْ بِهِ الشَّيْبَ الْحِنَّاءُ وَالْكَتَمُ(نسائي)

دَخَلْنَا عَلَى أُمِّ سَلَمَةَ فَأَخْرَجَتْ إِلَيْنَا مِنْ شَعْرِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَإِذَا هُوَ مَخْضُوبٌ بِالْحِنَّاءِ وَالْكَتَمِ (أحمد)

ഇത് മറ്റ് തിന്മകൾപോലെയല്ല. മുടി കറുപ്പിച്ചവർ മരിച്ചാൽ ആ ഹറാമിലായിട്ടാണ് ജനാസ അടക്കപ്പെടുന്നത്. ഖബറിൽ അയാളുടെ ശരീരത്തിൽ ഹറാം ബന്ധപ്പെട്ടുകൊണ്ടിരിക്കും.

➢ പുരുഷന്മാർ സ്വർണ്ണം ധരിക്കൽ കടുത്ത തിന്മയാണ്. സാധാരണയിൽ ഉപദേശിക്കാറുള്ള നബി(സ്വ) സ്വർണ്ണം ധരിച്ചുവന്നയാളുടെ സ്വർണ്ണം ഊരിവലിച്ചെറിഞ്ഞു. ഇത് വിഷയത്തിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്നു.

കൊച്ചുകുട്ടികൾക്ക് ധരിപ്പിക്കാം. 7 വയസ്സ് മുതൽ ഒഴിവാക്കണം. 10 വയസ്സ് മുതൽ കർശനം.

ഇത്തരം കാര്യങ്ങൾ നാം അവഗണിക്കരുത്. നബി(സ്വ) യുടെ കൽപ്പനകൾ മാനിക്കുക. അത് പരലോക വിജയത്തിന്റെ വഴികളാണ്.